6205
21/7/14

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - മാതൃസർവ്വീസിലേയ്ക്ക് തിരികെ പോകുന്നതിനുള്ള ശ്രീ.ആർ.സുധകുമാർ, പ്രൊബേഷൻ ഓഫീസർ ഗ്രേഡ് I-ന്റെ അപേക്ഷ നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ. (സാധാ) നം. 408/2 014/സാ.നീ.വ. തീയതി, തിരുവനന്തപുരം: 19.06.2014.

---

പരാമർശം:- 1. 08.02.2013-ലെ 2517/ആർ.1/13/പി&എ.ആർ.ഡി. നമ്പർ സർക്കുലർ.
2. ശ്രീ.ആർ.സുധകുമാറിന്റെ 27.02.2013-ലെ ഡി.പി.ഒ/റ്റി/71/2013 നമ്പർ നിവേദനം.
3. സാമൂഹ്യനീതി ഡയറക്ടറുടെ 09.04.2013, 03.06.2013, 22.04.2014 തീയതികളിലെ ഇ7/9087/2014 നമ്പർ കത്തുകൾ.
4. 06.01.2014-ലെ 5618/എ1/13/സാ.നീ.വ. നമ്പർ സർക്കാർ കത്ത്.
5. ശ്രീ.ആർ.സുധകുമാറിന്റെ 21.02.2013-ലെ ഡി.പി.ഒ/റ്റി/71/2013 നമ്പർ നിവേദനം.

**ഉത്തരവ്**

സാമൂഹ്യനീതി വകുപ്പിൽ മിനിസ്റ്റീരിയൽ സർവ്വീസിൽ ഉൾപ്പെട്ട എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും, വകുപ്പിലെ വിശേഷാൽ ചട്ടങ്ങൾക്കനുസൃതമായി സബോർഡിനേറ്റ് സർവ്വീസിലേയ്ക്കും തുടർന്ന് സ്റ്റേറ്റ് സർവ്വീസിലേയ്ക്കും ഉദ്യോഗക്കയറ്റം ലഭിച്ച് ഇപ്പോൾ പ്രൊബേഷൻ ഓഫീസർ ഗ്രേഡ് I തസ്തികയിൽ ജോലി നോക്കി വരുന്ന ശ്രീ.ആർ.സുധകുമാർ തനിക്ക് മാതൃസർവ്വീസായ മിനിസ്റ്റീരിയൽ സർവ്വീസിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ നിയമനം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ, സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

പരാമർശം (1)-ലെ സർക്കുലർ പ്രകാരം മാതൃവകുപ്പിലെ സബോർഡിനേറ്റ് സർവ്വീസിൽ നിന്നും മറ്റൊരു സർവ്വീസിലേയ്ക്ക് പോയ ജീവനക്കാരൻ മാതൃസർവ്വീസിലേയ്ക്ക് തിരികെ വരുമ്പോൾ സബോർഡിനേറ്റ് സർവ്വീസിലെ സീനിയോറിറ്റി പുനഃസ്ഥാപിച്ച് കിട്ടുമെങ്കിലും, സ്റ്റേറ്റ് സർവ്വീസിൽ സീനിയോറിറ്റിയോ, പ്രമോഷനോ ലഭിക്കാത്തതിനാൽ ടിയാന് സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് നിയമനം നൽകാൻ കഴിയില്ലെന്ന് പരാമർശം (3) പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. സീനിയോറിറ്റി നഷ്ടപ്പെടാതെ സീനിയർ സൂപ്രണ്ട് തസ്തികയിൽ നിയമിക്കണമെന്ന പരാമർശം (2)-ലെ ശ്രീ.സുധകുമാറിന്റെ ആവശ്യത്തിന് പരാമർശത്തിലെ സർക്കുലറിലെ സ്പഷ്ടീകരണത്തിന്റെ വെളിച്ചത്തിൽ വ്യവസ്ഥയില്ലാത്തതിനാലും, സബോർഡിനേറ്റ് സർവ്വീസിലെ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സീനിയർ മോസ്റ്റായി നിയമിക്കപ്പെടാൻ മാത്രമേ അർഹതയുള്ളു എന്നതിനാലും, ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള നിയമനം സ്വീകരിക്കാൻ തയ്യാറാണോയെന്ന് ടിയാന് നോട്ടീസ് നൽകി ആവശ്യപ്പെടാൻ പരാമർശം (4) പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിയമനം നൽകാമെന്ന വ്യവസ്ഥ സ്വീകാര്യമല്ലെന്നും സീനിയർ സൂപ്രണ്ട് തസ്തികയിൽ നിയമനം നൽകണമെന്നും പരാമർശം (5) പ്രകാരം ശ്രീ.സുധകുമാർ ആവശ്യപ്പെടുകയുണ്ടായി.

പരാമർശത്തിലെ സർക്കുലറിന്റെ സ്പഷ്ടീകരണത്തിന്റെ വെളിച്ചത്തിൽ സീനിയർ സുപ്രണ്ട് തസ്തികയിലേയ്ക്ക് നിയമനം നൽകണമെന്ന ശ്രീ.ആർ.സുധകുമാറിന്റെ ആവശ്യം നിരസിച്ചുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**എൻ.ബി.കോമളവല്ലിയമ്മ**
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.ആർ.സുധകുമാർ, പ്രൊബേഷൻ ഓഫീസർ ഗ്രേഡ് I (സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ